കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ചെങ്കള ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് ആവശ്യത്തിലേയ്ക്ക് വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ)നം. 3193/12/തസ്വഭവ                    തിരുവനന്തപുരം, തീയതി.17/12/2012

---

പരാമർശം:-(1)16.12.11 ലെ സ.ഉ (സാധ)നം.2992/11/തസ്വഭവ നമ്പർ ഉത്തരവ്

(2) ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 6.6.12, 6.10.12 തീയതികളിലെ എ1 4382/2010 നമ്പർ കത്തുകൾ

## ഉത്തരവ്

ചെങ്കള ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉപയോഗത്തിലുള്ള അംബാസിഡർ കാർ കണ്ടം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചതിനു ശേഷം ഒരു വാഹനം വാങ്ങുന്നതിന് പരാമർശം ഒന്ന് ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ മേൽപ്പറഞ്ഞിട്ടുള്ള വാഹനം കണ്ടം ചെയ്യുന്നതിനും പുതിയ ഒരു വാഹനം വാങ്ങുന്നതിനുമുള്ള അനുമതിക്കായി പരാമർശം രണ്ടിലെ കത്തുകൾ പ്രകാരം ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള നിയമാനുസൃത നടപടി ക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 8 ലക്ഷം രൂപ വിനിയോഗിച്ച് ഒരു വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.എസ് സെന്തിൽ
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ആഡിറ്റ്, കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (LBA&A), തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചെങ്കള ഗ്രാമപഞ്ചായത്ത്, കാസർഗോഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ